# പതിനാലാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 3535 — 20.06.2019 ലെ മറുപടിക്ക്

**നോർക്ക റൂട്ട്സ് മുഖേന വിദേശങ്ങളിൽ ജോലി ലഭിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ**

| ചോദ്യം<br>ശ്രീ.എം.സ്വരാജ് | മറുപടി<br>പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
|---|---|
| (എ) നോർക്ക റൂട്ട്സ് മുഖേന വിദേശങ്ങളിൽ ജോലി ലഭിക്കുന്നതിന് നിലവിൽ എന്തെങ്കിലും പ്രവർത്തനങ്ങൾ നടന്നുവരുന്നുണ്ടോ; ഇവയുടെ വിശദാംശം അറിയിക്കുമോ; | (എ) നോർക്ക റൂട്ട്സ് മുഖേന വിദേശങ്ങളിൽ ജോലി നൽകുന്നതിന് ഒരു റിക്രൂട്ട്മെന്റ് വിഭാഗം തന്നെ പ്രവർത്തിക്കുന്നുണ്ട്. ഡോക്ടർമാർ, നേഴ്സുമാർ, ടെക്നീഷ്യന്മാർ, വനിതാ ഗാർഹിക തൊഴിലാളികൾ കൂടാതെ വിദേശ ആരോഗ്യ മേഖലയിലിൽ സാധ്യതയുള്ള ഇതര ജോലികളും ഉദ്യോഗാർത്ഥികൾക്ക് ലഭ്യമാക്കുന്ന തരത്തിലാണ് റിക്രൂട്ട്മെന്റ് വിഭാഗം പ്രവർത്തിക്കുന്നത്. കേന്ദ്ര സർക്കാരിന്റെ കീഴിലുള്ള വിദേശകാര്യ വകുപ്പിന്റെ ലൈസൻസ് പ്രകാരമാണ് ഈ വിഭാഗം പ്രവർത്തിക്കുന്നത്. വിദേശകാര്യ വകുപ്പിന്റെ മാർഗ്ഗ നിർദ്ദേശങ്ങൾ അനുസരിച്ചുള്ള പരിമിതമായ തുകയാണ് സർവ്വീസ് ചാർജ് ഇനത്തിൽ ഈടാക്കുന്നത്. വിദേശ റിക്രൂട്ട്മെന്റ് ആരംഭിച്ച 2015 മുതൽ ഇതുവരെ നോർക്ക 1283 പേർക്ക് വിവിധ മേഖലയിലായി ജോലി നേടിക്കൊടുത്തു. നിലവിൽ സൗദി അറേബ്യ, യു.എ.ഇ., കുവൈറ്റ്, ഒമാൻ എന്നീ ഗൾഫ് രാജ്യങ്ങളിലെ ആരോഗ്യമേഖലയിലേക്ക് നേഴ്സുമാർ, ഡോക്ടർമാർ, മെഡിക്കൽ ടെക്നീഷ്യന്മാർ എന്നീ വിഭാഗത്തിൽപ്പെട്ടവരെ നോർക്ക റൂട്ട്സ് തെരഞ്ഞെടുത്ത് അയച്ചുവരുന്നു. ഇതോടൊപ്പം അൽ ദുര കമ്പനി വഴി ഈ വർഷം കുവൈറ്റ് ഗാർഹിക തൊഴിൽ മേഖലയിൽ 1000 ത്തോളം അവസരങ്ങളിലേക്ക് വനിതാ തൊഴിലന്വേഷകരെ തെരഞ്ഞെടുത്ത് അയച്ചുവരുന്നു. |

(ബി) നാളിതുവരെ എത്രപേർക്ക് ഇത്തരത്തിൽ നിയമനം നൽകുന്നതിന് സാധിച്ചിട്ടുണ്ടെന്നും, ഏതെല്ലാം തസ്തികകളാണെന്നും വ്യക്തമാക്കുമോ;

(ബി) നോർക്കയുടെ ആഭിമുഖ്യത്തിൽ 2015 മുതൽ സൗദി, കുവൈറ്റ്, യു.എ.ഇ., ഒമാൻ എന്നീ രാജ്യങ്ങളിലായി 1283 പേരെ അയച്ചിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട ലഭ്യമായ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| YEARWISE DEPLOYMENT REPORT - RECRUITMENT WING | | | | | |
|---|---|---|---|---|---|
| YEAR | NURSES | DOCTORS | TECHNICIANS | HOUSE MAIDS | TOTAL |
| 2015 | 177 | | | | 177 |
| 2016 | 326 | | | | 326 |
| 2017 | 303 | 7 | 20 | 14 | 344 |
| 2018 | 170 | | 1 | 90 | 261 |
| 2019 | 81 | | 3 | 91 | 175 |
| TOTAL | 1057 | 7 | 24 | 195 | 1283 |

(സി) ഈ പ്രവർത്തനങ്ങൾ വിപുലീകരിക്കുന്നതിന് ആലോചിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം അറിയിക്കുമോ?

(സി) ആലോചിക്കുന്നുണ്ട്; നിയമനങ്ങൾ നടത്തുന്നതുമായി ബന്ധപ്പെട്ട് കുവൈറ്റ് ആരോഗ്യ മന്ത്രാലയവുമായി ചർച്ചകൾ പുരോഗമിച്ചുവരുന്നു. ഇതോടൊപ്പം വിവിധ രാജ്യങ്ങളിലെ നിരവധി സ്വകാര്യ ആശുപത്രികളുമായി ധാരണാപത്രത്തിൽ ഒപ്പുവച്ച് റിക്രൂട്ട്മെന്റ് നടപടികൾ സ്വീകരിച്ചു വരുന്നു.

സെക്ഷൻ ഓഫീസർ